പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: * 179 17.03.2015 ൽ മറുപടിക്ക്

# എയർ കേരള സർവ്വീസുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.തിലോത്തമൻ :<br>,, ഇ.കെ.വിജയൻ :<br>,, കെ.രാജു :<br>,, കെ.അജിത് : | | കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി | |
| (എ) | എയർ കേരള സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആരംഭിക്കാൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. എന്നാൽ എയർ കേരള പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഇളവുകൾ ലഭിക്കാത്തതിനാലാണ് എയർ കേരള സർവ്വീസുകൾ ആരംഭിക്കാൻ കഴിയാതിരുന്നത് |
| (ബി) | ആഭ്യന്തര സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ സാദ്ധ്യതാ പഠനം നടത്താൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; | (ബി) | ഇല്ല |

| | | | |
|---|---|---|---|
| | എങ്കിൽ പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | | |
| (സി) | എയർ കേരളയുടെ രാജ്യാന്തര സർവ്വീസുകൾ നടത്താൻ കഴിയാതിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (സി) | കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത ഇളവുകൾ ലഭിക്കാത്തതിനാലാണ് എയർ കേരള സർവ്വീസുകൾ ആരംഭിക്കാൻ കഴിയാത്തത് |

Sajan

സെക്ഷൻ ഓഫീസർ